**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 580** **11-11-2021 - ൽ മറുപടിയ്ക്ക്**

**രൂപമാറ്റം വരുത്തിയ വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ സി ആർ മഹേഷ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രൂപമാറ്റം വരുത്തിയ വാഹനങ്ങൾ അമിതവേഗതയിൽ സഞ്ചരിച്ച് അപകടങ്ങൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏതൊക്കെ തരത്തിലുള്ള രൂപമാറ്റങ്ങളാണ് കാറിലും ബൈക്കിലും കണ്ടുവരുന്നത് എന്നറിയിക്കാമോ; | (ബി) | സൈലൻസറിൽ രൂപമാറ്റം വരുത്തുക, ടയറുകളുടെ വലുപ്പം കൂട്ടുക, ക്രാഷ് ഗാർഡ് ഘടിപ്പിക്കുക, അതി സുരക്ഷാ നമ്പർ പ്ലേറ്റ് (HSRP)-നു പകരം മറ്റ് തരത്തിലുള്ള രജിസ്ട്രേഷൻ പ്ലേറ്റുകൾ ഘടിപ്പിക്കുക, ശരിയായ വിധത്തിലല്ലാതെ നമ്പർ പ്ലേറ്റ് ഉപയോഗിക്കുക, മഡ് ഗാർഡ് ഇളക്കി മാറ്റുക, നിയമ വിരുദ്ധമായ ഹോണുകൾ ഉപയോഗിക്കുക, അതിതീവ്ര പ്രകാശമുള്ള ലൈറ്റുകൾ ഉപയോഗിക്കുക, മറ്റു നിറങ്ങളിലുള്ള ലൈറ്റുകൾ ഉപയോഗിക്കുക, തുടങ്ങിയ രൂപമാറ്റങ്ങളാണ് ബൈക്കുകളിൽ സാധാരണ കണ്ടുവരാറുള്ളത്. ക്രാഷ് ഗാർഡുകൾ ഘടിപ്പിക്കുക, അതി സുരക്ഷാ നമ്പർ പ്ലേറ്റ്/ നിയമാനുസൃതമായ നമ്പർ പ്ലേറ്റ് ഘടിപ്പിക്കാതിരിക്കുക, അതിതീവ്ര പ്രകാശമുള്ള ഹെഡ് ലൈറ്റുകൾ ഘടിപ്പിക്കുക, ടയറുകളുടെ വലിപ്പം വ്യത്യാസപ്പെടുത്തുക, സൈലൻസറിൽ രൂപമാറ്റം വരുത്തുക, വിവിധ നിറങ്ങളിലുള്ള ലൈറ്റുകൾ അധികമായി ഘടിപ്പിക്കുക, കൂളിംഗ് ഫിലിം ഉപയോഗിക്കുക, സൈക്കിൾ കാരിയർ ഘടിപ്പിക്കുക, സ്പോർട്ട്സ് കാറുകളിലേതുപോലെ 'Side Skirting' ഘടിപ്പിക്കുക, സ്പോയിലേർസ് ഘടിപ്പിക്കുക തുടങ്ങിയവയാണ് കാറുകളിൽ കണ്ടുവരാറുള്ള രൂപമാറ്റങ്ങൾ. |
| (സി) | ഇത്തരത്തിലുള്ള നിയമ ലംഘനങ്ങൾക്ക് എതിരെ എന്തൊക്കെ ശിക്ഷാനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; ഇത്തരം നിയമ ലംഘനങ്ങൾ | (സി) | 1988-ലെ മോട്ടോർ വാഹന നിയമം 182 A(4)-ാം വകുപ്പ് അനുസരിച്ച് വാഹനങ്ങളിൽ നിയമ വിരുദ്ധമായ രൂപമാറ്റം വരുത്തിയാൽ വാഹന ഉടമയ്ക്ക് 6 മാസത്തിൽ കൂടാത്ത ജയിൽ ശിക്ഷയോ 5000/- |

| | | | |
|---|---|---|---|
| | തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | | രൂപ പിഴയോ രണ്ടും കൂടി ഒരുമിച്ചോ നൽകാവുന്നതാണ്. കൂടാതെ രൂപമാറ്റം വരുത്തിയ വാഹനം പഴയ രീതിയിൽ ആക്കി വാഹനം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ മുന്നിൽ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെടാറുണ്ട്. അനധികൃത രൂപമാറ്റം വരുത്തിയ വാഹനം അപകടമുണ്ടാക്കിയാൽ പരിശോധന നടത്തിയ ശേഷം വാഹനത്തിന്റെ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. (As per Sec 53, Motor Vehicles Act , 1988) മോട്ടോർ വാഹന വകുപ്പ് നടത്തുന്ന സ്പെഷ്യൽ ഡ്രൈവ്കളിലൂടെയും എൻഫോഴ്സ്മെന്റ് ചെക്കിംഗ് വേളകളിലും ഇത്തരം നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ വകുപ്പിന്റെ വിവിധ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികളിലൂടെ ഡ്രൈവർമാരിൽ ഇത്തരത്തിലുള്ള രൂപമാറ്റത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ